**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1265** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഗ്രീൻ ഫാംസ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതി ദുരന്തങ്ങൾ,കോവിഡ്,ഒമിക്രോൺ തുടങ്ങിയവ മൂലം പിന്നോട്ടുപോയ വിനോദസഞ്ചാര മേഖലയെ ഉയർത്തികൊണ്ടു വരുന്നതിനായി നടപടിക്രമങ്ങൾ ലഘൂകരിച്ച് വിവിധ ക്ലാസിഫിക്കേഷൻ ഓൺലൈൻ ആക്കുന്ന നടപടികളുടെ പുരോഗതി വെളിപ്പെടുത്താമോ; | (എ) | പ്രകൃതി ദുരന്തങ്ങൾ, കോവിഡ്, ഒമിക്രോൺ തുടങ്ങിയവ മൂലം പിന്നോട്ട് പോയ വിനോദസഞ്ചാര മേഖലയെ ഉയർത്തിക്കൊണ്ടു വരുന്നതിനായി നടപടിക്രമങ്ങൾ ലഘൂകരിച്ച് വിവിധ ക്ലാസ്സിഫിക്കേഷൻ ഓൺലൈൻ ആക്കിക്കഴിഞ്ഞു. നിലവിൽ വിനോദ സഞ്ചാരവകുപ്പ് അംഗീകാരം നൽകുന്ന ആയുർവ്വേദ സെന്ററുകൾ, റെസ്റ്റോറന്റുകൾ, ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല, അക്രഡിറ്റേഷൻ ഓഫ് ടൂർ ഓപ്പറേറ്റേഴ്സ്, അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സ്, ഹൗസ് ബോട്ട് എന്നിവ 2021 ഡിസംബർ മുതൽ ഓൺലൈനായി അപേക്ഷ നൽകി അംഗീകാരം നേടാൻ സജ്ജമായിട്ടുണ്ട്. ക്ലാസിഫിക്കേഷൻ ഫീസും ഓൺലൈൻ ആയിതന്നെ അടയ്ക്കാവുന്നതാണ്. |
| (ബി) | ക്ലാസിഫിക്കേഷൻ ഓൺലൈൻ ആക്കുന്നതോടൊപ്പം ആവശ്യമില്ലാത്ത സർട്ടിഫിക്കറ്റുകൾ ഒഴിവാക്കി നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ടൂറിസം വകുപ്പ് ക്ലാസ്സിഫിക്കേഷൻ നൽകിവരുന്ന വിവിധ സർവ്വീസ് പ്രൊവൈഡേഴ്സിന് ഏറ്റവും ലളിതമായ മാർഗ്ഗങ്ങളിലൂടെ ഓൺലൈൻ ആയി അപേക്ഷ നൽകാൻ കഴിയും. നിലവിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ മാത്രമാണ് നടപടി ക്രമങ്ങൾക്കായി സമർപ്പിക്കേണ്ടത്. ഹോംസ്റ്റേ അംഗീകാരത്തിനായി നിലവിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നൽകിവരുന്ന ഓണർഷിപ്പ് / റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ ഒഴിവാക്കണമെന്ന നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്. ഇതിന് പുറമെ ഹൗസ് ബോട്ട് ക്ലാസിഫിക്കേഷനായി സോളാർ പവ്വർ പ്ലാൻറ്, ലൈറ്റിംഗ്, ബയോഗ്യാസ് സ്റ്റൗ, ഗ്രീൻ എനർജി എഫിഷ്യന്റ് എന്നിവ ഹൗസ് ബോട്ടുകൾക്ക് ഉള്ളിൽ വേണം എന്ന ഉത്തരവ് എല്ലാവിഭാഗം ഹൗസ് ബോട്ട് അംഗീകാരത്തിനും വേണ്ട എന്ന രീതിയിൽ ലഘൂകരിച്ചിട്ടുണ്ട്. |
| (സി) | ടൂറിസം വികസനത്തിന്റെ ഭാഗമായി ആയുർവേദ | (സി) | നിലവിൽ ആയുർവ്വേദ സെന്ററുകൾ |

| | | | |
|---|---|---|---|
| | സെന്ററുകൾ ആരംഭിക്കുന്നതിന് നിലവിലുണ്ടായിരുന്ന കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | | ആരംഭിക്കുന്നതിന് ടൂറിസം വകുപ്പിന്റെ അനുമതി ആവശ്യമില്ല. എന്നാൽ വകുപ്പ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവ്വേദ സെന്ററുകളെ മികവിന്റെ അടിസ്ഥാനത്തിൽ വർഗ്ഗീകരണം നടത്തി ക്ലാസ്സിഫിക്കേഷൻ നൽകിവരുന്നുണ്ട്. ആയുർസിൽവർ, ആയുർ ഗോൾഡ്, ആയുർഡയമണ്ട് എന്നിങ്ങനെ അംഗീകാരം നേടാവുന്നതാണ്. അംഗീകാരത്തിനായി അപേക്ഷിക്കുന്ന പക്ഷം കാലതാമസം ഒഴിവാക്കി ഇൻസ്പെക്ഷൻ നടത്തി എത്രയും പെട്ടന്ന് തന്നെ ആയുർവ്വേദ സെന്ററുകൾക്ക് ക്ലാസിഫിക്കേഷൻ നിലവിൽ നൽകി വരുന്നു. |
| (ഡി) | ഗ്രീൻ ഫാംസ് കേരള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പാക്കാൻ തയ്യാറാകുന്ന സ്ഥാപനങ്ങൾക്ക് എന്തെല്ലാം സഹായമാണ് സർക്കാർ നൽകുന്നതെന്ന് അറിയിക്കാമോ? | (ഡി) | ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രീൻഫാം കേരള എന്ന ക്ലാസിഫിക്കേഷൻ പദ്ധതി ടൂറിസം വകുപ്പ് നൽകി വരുന്നു. പദ്ധതി പ്രകാരം അംഗീകാരം ലഭിക്കുന്നതിന് കുറഞ്ഞ സാധാരണ ഭൂമി 10 ഏക്കറും കുറഞ്ഞ പ്ലാന്റേഷൻ ഭൂമി 50 ഏക്കറുമാണ്. ഈ പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിനായി കുറഞ്ഞ സാധാരണ ഭൂമി 3.5 ഏക്കറായും കുറഞ്ഞ പ്ലാന്റേഷൻ ഭൂമി 50 ഏക്കറായും നിജപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്. നിലവിൽ സർക്കാർ സഹായത്തിന് അർഹമായ അംഗീകാരം ലഭിച്ചിട്ടുള്ള ഗ്രീൻഫാം ദാതാക്കൾ ഇല്ല. |

സെക്ഷൻ ഓഫീസർ